പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1802 | 05.02.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർടി.സി. ജീവനക്കാർ 2019 ജനുവരി 16 അർദ്ധരാത്രി മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന അനിശ്ചിതകാല പണിമുടക്ക് ഉപേക്ഷിച്ചത് മന്ത്രിതലത്തിൽ നടന്ന ചർച്ചയിൽ നൽകിയ ഉറപ്പുകളുടെ അടിസ്ഥാനത്തിലായിരുന്നോ; എങ്കിൽ അവർ ഉന്നയിച്ച എന്തൊക്കെ കാര്യങ്ങളിലാണ് ഉറപ്പ് നൽകിയതെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർ 2019 ജനുവരി 16 അർദ്ധരാത്രി മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന അനിശ്ചിതകാല പണിമുടക്കമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ തൊഴിലാളി സംഘടനകൾ പണിമുടക്ക് പിൻവലിക്കണമെന്ന് ബഹു. ഗതാഗത വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ചർച്ചയിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്.<br>1. കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം സംബന്ധിച്ച് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശിപാർശകൾ 21.01.2019 മുതൽ നടപ്പിലാക്കുന്നതിന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി നടപടി സ്വീകരിക്കേണ്ടതാണ്.<br>2. കെ.എസ്.ആർ.ടി.സി.യിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി തലത്തിൽ 29.01.2019-ന് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തേണ്ടതാണ്.<br>3. കെ.എസ്.ആർ.ടി.സി.യിലെ സേവന വേതന കരാർ സംബന്ധിച്ചുള്ള ചർച്ച 2019 ജനുവരി 30-ന് പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.<br>4. പുതിയ സേവന വേതന കരാർ നിലവിൽ വരുന്നതുവരെ പഴയ കരാറിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 5. പിരിച്ചുവിടപ്പെട്ട താൽക്കാലിക ജീവനക്കാരെ, ബഹു.കോടതി വിധിക്ക് വിധേയമായി സർവ്വീസിൽ തിരിച്ചെടുക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർടി.സി. ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; പ്രസ്തുത കരാർ പുതുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) | കെ.എസ്.ആർടി.സി. ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 29/02/2016 നാണ് അവസാനിച്ചത്. പ്രസ്തുത കരാർ പുതുക്കുന്നതിലേയ്ക്കായി കോർപ്പറേഷനിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി മാനേജ്മെന്റ് തലത്തിൽ ചർച്ചായോഗങ്ങൾ ചേർന്നിട്ടുണ്ട്. |
| (സി) | അനിശ്ചിതകാല സമരങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കൂടുതൽ പരിതാപകരമാക്കുമെന്നതിനാൽ ചർച്ചയിലൂടെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അനിശ്ചിതകാല സമരങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കൂടുതൽ പരിതാപകരമാക്കുമെന്നതിനാൽ കെ.എസ്.ആർ.ടി.സി.യിൽ എന്തെങ്കിലും പാളിച്ചകൾ ഉണ്ടെങ്കിൽ അത് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി പരിശോധിക്കേണ്ടതും പരിഹാരം കാണേണ്ടതുമാണെന്ന് 16/01/2019 തീയതിയിൽ ചേർന്ന ചർച്ചായോഗത്തിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**